**കേരള സർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

**<u>വിജ്ഞാപനം</u>**

**<u>പി.ജി.നഴ്സിംഗ് കോഴ്സിലേക്കുള്ള പ്രവേശനം-2026</u>**

**<u>ഭിന്നശേഷി വിഭാഗക്കാർക്കുള്ള ശാരീരിക പരിശോധന സംബന്ധിച്ച്</u>**

സംസ്ഥാനത്തെ പി.ജി.നഴ്സിംഗ് കോഴ്സ് പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിച്ചവരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുവാൻ അപേക്ഷ നൽകിയ വിദ്യാർത്ഥികൾക്കായി പ്രോസ്പെക്ടസ് ക്ലോസ് 6.2 പ്രകാരം മെഡിക്കൽ ബോർഡ് നടത്തേണ്ടതുണ്ട്. **2026 വർഷത്തെ ഭിന്നശേഷി വിഭാഗക്കാർക്കുള്ള മെഡിക്കൽ ബോർ ഡ് <u>06.08.2026</u> രാവിലെ 10.30 മുതൽ തിരുവനന്തപുരത്തുള്ള <u>മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ കോൺഫറൻസ് ഹാളിൽ</u>** വച്ച് നടത്തുന്നു.

2026 വർഷത്തെ പി.ജി.നഴ്സിംഗ് പ്രവേശനത്തിന് ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുത്തുവാനായി ഓൺലൈൻ മുഖേന അപേക്ഷ നൽകിയ വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'PG Nursing - 2026 Candidate Portal'** ൽ **'Register for PwD Verification'** എന്ന ലിങ്കിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ നൽകി രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ പൂർത്തിയായവർക്ക് **അറിയിപ്പ് കത്ത്, PwD Verification Proforma (Annexure 1&2)** എന്നിവ ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

അതോടൊപ്പം **Annexure 1 നോടൊപ്പം Appendix A മുതൽ L വരെയുള്ള Proforma പ്രിന്റ്** എടുത്ത് ഹാജരാക്കേണ്ടതാണ്. അതിൽ A മുതൽ F വരെയുള്ള Appendix-കൾ സ്വയം സാക്ഷ്യപ്പെടുത്തുകയും, Appendix A സ്വയം സാക്ഷ്യപ്പെടുത്തുന്നതോടൊപ്പം Notary-യെക്കൊണ്ട് Attest ചെയ്യിച്ച് ഹാജരാക്കേണ്ടതുമാണ്. ഇങ്ങനെ ലഭ്യമാകുന്ന ഡോക്യുമെന്റുകളുടെ പ്രിന്റൗട്ട്, മെഡിക്കൽ രേഖകൾ എന്നിവ സഹിതം അറിയിപ്പ് കത്തിൽ പറഞ്ഞിരിക്കുന്ന സമയത്ത് മെഡിക്കൽ

പരിശോധനയ്ക്ക് ഹാജരാകേണ്ടതാണ്. **<u>മെഡിക്കൽ ബോർഡിൽ ഹാജരാകുന്നവർ നിർബന്ധമായും പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ നിന്നും മേൽ സൂചിപ്പിച്ചിരിക്കുന്ന പ്രൊഫോർമകൾ ഡൗൺലോഡ് ചെയ്ത് ഹാജരാക്കേണ്ടതാണ്</u>**.

ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ നൽകാൻ വിട്ടുപോയ വിദ്യാർത്ഥികൾക്കും മെഡിക്കൽ പരിശോധനയിൽ പങ്കെടുക്കാവുന്നതാണ്. അത്തരം വിദ്യാർത്ഥികൾ മെഡിക്കൽ പരിശോധനയിൽ പങ്കെടുക്കുന്ന വിവരം **<u>ceekinfo.cee@kerala.gov.in</u>** എന്ന ഇമെയിൽ മുഖേന പ്രവേശന പരീക്ഷാ കമ്മീഷണറെ അറിയിക്കേണ്ടതാണ്. പ്രസ്തുത മെഡിക്കൽ ബോർഡിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ നിർ ബന്ധമായും UDID CARD/DISABILITY CERTIFICATE എന്നിവ കൂടി ഹാജരാക്കേണ്ടതാണ്. മെഡിക്കൽ ബോർഡിൽ പങ്കെടുക്കാത്ത വിദ്യാർത്ഥികളെ ഭിന്നശേഷി വിഭാഗം സീറ്റുകളിലെ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ : 04712332120, 2338487**

Digitally signed by
Shibu A
Date: 03-08-2026
21:43:36
**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
03-08-2026